# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.10.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ലോകസമാധാനം, സുരക്ഷ, എന്നിവ ഉറപ്പാക്കാനുള്ള തന്ത്രപരമായ അനിവാര്യതയാണ് അന്താരാഷ്ട്ര സഹകരണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ

   Vice President CP Radhakrishnan today said that the international cooperation is a strategic necessity for peace, security and prosperity of the world.

2. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൻറെ ആദ്യ ദിനം പ്രതിപക്ഷ വാക്കൗട്ട്. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നടന്ന അതിക്രമത്തിൽ, അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്ന്, പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

   The opposition staged a walkout on the first day of the second session of the 16th Kerala Legislative Assembly. They walked out of the Assembly after permission for an adjournment motion regarding the violence at the Thiruvananthapuram University Hostel was denied.

3. ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ കോടതികൾ ഇടപെടണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്.

   Chief Justice of India Justice Suryakant has said that courts must intervene when constitutional rights are violated.

4. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് നിർമ്മിച്ച അന്തർവാഹിനി യുദ്ധകപ്പൽ മംഗ്രോൾ മുംബൈയിൽ കമ്മീഷൻ ചെയ്തു.

   Mangrol, the third Anti-Submarine Warfare Shallow Water Craft built by Cochin Shipyard Limited was commissioned into the Indian Navy at Mumbai today.

5. സൗദിയിലെ റിയാദ് വിമാനത്താവളത്തിലുണ്ടായ ആക്രമണത്തിൽ മരിച്ച ഇന്ത്യൻ പൗരൻറെ മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാൻ എല്ലാ പിന്തുണയും ഉറപ്പാക്കുമെന്ന് ഇന്ത്യൻ എംബസി.

   The Indian Embassy has assured full support to bring home the mortal remains of the Indian national who died in the attack at Riyadh airport in Saudi Arabia as soon as possible.

6. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി - മോഹൻ ബഗാൻ സൂപ്പർ ജയൻറ്സിനെ നേരിടും.

   In ISL football, NorthEast United FC will face Mohan Baghan Super Giants today.

***************************

## VICE PREZ – INTERNATIONAL COPERATION

ലോകസമാധാനം, സുരക്ഷ, എന്നിവ ഉറപ്പാക്കാനുള്ള തന്ത്രപരമായ അനിവാര്യതയാണ് അന്താരാഷ്ട്ര സഹകരണംമെന്ന് ഉപരാഷ്ട്രപതി

സി.പി. രാധാകൃഷ്ണൻ . ന്യൂഡൽഹിയിൽ നടന്ന 66-ാമത് നാഷണൽ ഡിഫൻസ് കോളേജ് കോഴ്സിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാനം, ഭീകരവാദം തുടങ്ങിയ ആഗോള പ്രശ്നങ്ങളെ നേരിടാൻ കൂട്ടായ പ്രതികരണം ആവശ്യമാണെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി.

****************************

## Kerala Legislative Assembly

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന് ഇന്ന് തുടക്കമായി. നിയമസഭയിൽ ചട്ടം 118 പ്രകാരം സർക്കാർ ഇന്ന് രണ്ട് പ്രമേയം അവതരിപ്പിക്കും.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കേണ്ടതിന്റെയും തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കേണ്ടതിൻറെയും ആവശ്യകത സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി വി. ഡി. സതീശൻ അവതരിപ്പിക്കും.

രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന 2025 കേരള സ്വകാര്യ സർവ്വകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കിനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവർണർ മുഖേന കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്ന പ്രമേയം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ അവതരിപ്പിക്കും. ഈ മാസം 29 വരെ ഒൻപതു ദിവസങ്ങളിലാണ് സഭ ചേരുന്നത്.

****************************

## ASSEMBLY WALKOUT

നിയമസഭയിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നടന്ന അതിക്രമം സംബന്ധിച്ച് അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ നിന്ന് ഇറങ്ങിപ്പോയി. സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാത്ത സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന്

വി. ജോയിയാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. യൂത്ത് കോൺഗ്രസ്- പൊലീസ് ആക്രമണം നടക്കാൻ പാടില്ലാത്തതായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. സംഘർഷത്തിൽ ഇരു വിഭാഗത്തിൽ ഉള്ളവർക്കെതിരെയും കേസ് എടുത്തിട്ടുണ്ടെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

****************************

## Chief Minister - Assembly (INTRO)

സംസ്ഥാനത്ത് ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ ജനങ്ങളെ ചേർത്തു പിടിക്കുന്ന സമീപനമാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു

അദ്ദേഹം. കെഎസ്ആർടിസിയുടെ പ്രിയദർശിനി സൗജന്യ യാത്ര പദ്ധതി സ്ത്രീകൾക്കുള്ള സർക്കാരിന്റെ ആദരവാണെന്നും മുഖ്യമന്ത്രി അറിയിച്ചു.

(വോയിസ്)

****************************

## COAL STOCKS

രാജ്യത്തെ കൽക്കരി അധിഷ്ഠിത താപവൈദ്യുത നിലയങ്ങളിലെ കൽക്കരി ശേഖരം 18 ദശലക്ഷം ടണ്ണിന് മുകളിൽ എത്തിയതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ മാസം 29 മുതലുള്ള കണക്കാണിത്. തടസ്സമില്ലാത്ത വൈദ്യുതി ഉൽപ്പാദനം ഉറപ്പാക്കുന്നതിനായി ക്ഷാമം നേരിടുന്ന വൈദ്യുത നിലയങ്ങളിലേക്ക് കൽക്കരി പുനർവിതരണം ചെയ്യുന്നുണ്ടെന്ന് കൽക്കരി മന്ത്രാലയം അറിയിച്ചു.

****************************

## CJI - HUMAN RIGHTS (INTRO)

ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ കോടതികൾ ഇടപെടണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. അന്തസ്സ്, സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവയുൾപ്പെടെ ഓരോ പൗരനും ഭരണഘടന വിപുലമായ അവകാശങ്ങൾ ഉറപ്പ് നൽകിയിട്ടുണ്ടെന്നും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി. ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ 33-ാം സ്ഥാപക ദിനാഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്....)

****************************

## CJI - INDIA BLOC MEETING

സുപ്രീം കോടതിയെ സമീപിക്കാൻ ഓരോ ഇന്ത്യൻ പൗരനും അവകാശമുണ്ടെന്നും, അവരുടെ പരാതികൾ കേൾക്കാനും നിയമപ്രകാരം അർഹമായ പരിഹാരം നൽകാനും കോടതി സന്നദ്ധമാണെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. കൂടിക്കാഴ്ചയ്ക്കായി 'I N D I ' സഖ്യം ഉന്നയിച്ച ആവശ്യത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

*****************************

## DAY INS MANGROL

കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് നിർമ്മിച്ച മൂന്നാമത്തെ 'ആന്റി-സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ്' 'മംഗ്രോൾ', ഇന്ത്യൻ നാവികസേനയുടെ ഭാഗമായി. മുംബൈയിലെ നേവൽ ഡോക്ക്യാർഡിൽ നടന്ന പരിപാടിയിലാണ് കപ്പൽ കമ്മീഷൻ ചെയ്തത്. 'മേക്ക് ഇൻ ഇന്ത്യ', 'ആത്മനിർഭർ ഭാരത്' എന്നീ പദ്ധതികൾക്ക് കീഴിൽ 80 ശതമാനത്തിലധികം തദ്ദേശീയ ഘടകങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച മംഗ്രോൾ, പ്രതിരോധ മേഖലയിലെ കപ്പൽ നിർമ്മാണത്തിൽ സ്വയംപര്യാപ്തതയിലേക്കുള്ള സുപ്രധാന ചുവടുവെപ്പായാണ് കണക്കാക്കപ്പെടുന്നത്.

*****************************

## Navratri Celebrations

രാജ്യത്ത് നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. ദക്ഷിണ കർണാടകയിലെ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ ആദ്യ ദിനമായ ഇന്നലെ വൻജന തിരക്ക് ആണ് അനുഭവപ്പെട്ടത്. കേരളത്തിലും വിപുലമായ ആഘോഷങ്ങളാണ് നടന്ന് വരുന്നത്. പത്മനാഭപുരത്ത് നിന്നുള്ള വിഗ്രഹ ഘോഷയാത്ര ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ എത്തിയതോടെ തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് കൊടിയേറി. സരസ്വതിദേവിയെ നവരാത്രി മണ്ഡപത്തിൽ പൂജയ്ക്കിരുത്തി. കുമാരസ്വാമിയെ ആര്യശാല ദേവീക്ഷേത്രത്തിലും മുന്നൂറ്റിനങ്കയെ ചെന്തിട്ട ദേവീക്ഷേത്രത്തിലുമാണ് പൂജയ്ക്കിരുത്തിയത്.

*****************************

## JK-VAISHNO DEVI PILGRIMS

ജമ്മു കശ്മീരിലെ വൈഷ്ണോ ദേവി ക്ഷേത്രത്തിൽ, ഒൻപത് ദിവസം നീണ്ടുനിൽക്കുന്ന നവരാത്രി ഉത്സവത്തോട് അനുബന്ധിച്ച് വൻ ഭക്തജനത്തിരക്ക്. നവരാത്രിയുടെ ആദ്യദിനം 47,346 തീർത്ഥാടകർ ദർശനം നടത്തിയതായാണ് കണക്കുകൾ.

*****************************

## PM 25 YEARS - MERA YUVA BHARAT MY BHARAT (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. യുവാക്കളെ രാഷ്ട്രനിർമ്മാണവുമായി

ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ മേരാ യുവ ഭാരത് മൈ ഭാരത് എന്ന സംരംഭത്തെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന 'ജനസേവനമാണ് ദേശസേവനം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന് . യുവാക്കൾക്ക് സാമൂഹിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ 2023 ഒക്ടോബർ 31-ന് ആരംഭിച്ച പദ്ധതിയാണ് മേരാ യുവ ഭാരത് മൈ ഭാരത്. യുവജന കേന്ദ്രീകൃതമായ ഈ സംരംഭം രാഷ്ട്രനിർമ്മാണത്തിൽ വലിയ പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു.
(വോയിസ്)

***************************

## NT. JAISHANKAR – RIYADH EMBASSY

സൗദി അറേബ്യയിലെ റിയാദ് വിമാനത്താവളത്തിലുണ്ടായ ആക്രമണത്തിൽ പരിക്കേറ്റ ഇന്ത്യൻ പൗരൻ മരിച്ചതായി ഇന്ത്യൻ എംബസി. മൃതദേഹം എത്രയും വേഗം നാട്ടിലെത്തിക്കാനുള്ള എല്ലാ പിന്തുണയും നൽകുമെന്നും എംബസി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. അതേസമയം, റിയാദിലെ അന്താരാഷ്ട്ര വിമാനത്താവളത്തിനു നേരെ നടന്ന രണ്ടാമത്തെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. 11 പേർക്ക് പരിക്കേറ്റു. ആക്രമണങ്ങളുടെ ഉത്തരവാദിത്തം യെമനിലെ ഹൂതികൾ ഏറ്റെടുത്തിട്ടുണ്ട്. ആക്രമണത്തെ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ഉൾപ്പടെയുള്ള ലോകനേതാക്കൾ അപലപിച്ചു.

***************************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി-മോഹൻ ബഗാൻ സൂപ്പർ ജയൻറ് പോരാട്ടം. രാത്രി 7.30 ന് ഗുവാഹത്തിയിലാണ് മത്സരം.

***************************

## RUSSIA – UKRAINE

റഷ്യയും യുക്രെയ്നും തമ്മിൽ ഊർജ്ജ മേഖലയിലെ ആക്രമണങ്ങൾ അവസാനിപ്പിക്കാൻ ധാരണയായതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നതായും റഷ്യയുടെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ ആക്രമണം നടത്തുന്നതിൽ നിന്ന് പിന്മാറാൻ തയ്യാറാണെന്നും യുക്രെയ്ൻ

പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി പറഞ്ഞു. എന്നാൽ വിഷയത്തിൽ റഷ്യ ഇതുവരെ പ്രതികരിച്ചിട്ടില്ല.

***************************

## US SENATORS RUSSIAN OIL

അതേസമയം, റഷ്യയിൽ നിന്ന് ഡീസൽ ഇറക്കുമതി ചെയ്യാനുള്ള പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ തീരുമാനത്തെ ചോദ്യം ചെയ്ത് യുഎസ് സെനറ്റർമാരുടെ സംഘം. യുക്രെയ്നുമായുള്ള യുദ്ധം അവസാനിപ്പിക്കുന്നത് വരെ ഇത്തരം വ്യാപാരം നിരോധിച്ചുകൊണ്ടുള്ള 2022-ലെ നിയമത്തിന് വിരുദ്ധമാണ് തീരുമാനമെന്ന് സെനറ്റർമാർ ആരോപിച്ചു. ഇത് സംബന്ധിച്ച് കൂടിയാലോചന നടത്താനോ വ്യക്തമായ വിശദീകരണം നൽകാനോ ട്രംപ് ഭരണകൂടം തയ്യാറായില്ലെന്നും സെനറ്റർമാർ ചൂണ്ടിക്കാട്ടി.

***************************

****************

**********